**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2343** **19.07.2016 ൽ മറുപടിയ്ക്ക്**

**കർഷകരിൽ നിന്ന് ഉൽപ്പന്നങ്ങൾ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. അനിൽ അക്കര<br>ശ്രീ. വി.എസ്.ശിവകുമാർ<br>ശ്രീ. വി.പി.സജീന്ദ്രൻ | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഇടനിലക്കാരുടെ ചൂഷണമില്ലാതെ, കർഷകരിൽനിന്ന് നേരിട്ട് ഉൽപ്പന്നങ്ങൾ വാങ്ങി, വിറ്റഴിക്കാനുള്ള സംവിധാനങ്ങൾക്ക് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കമോ ; | (എ) ഉണ്ട്.<br>ആനയറ, മരട്, വേങ്ങേരി, നെടുമങ്ങാട്, മൂവാറ്റുപുഴ, സുൽത്താൻബത്തേരി എന്നീ ആറ് മൊത്ത വ്യാപാര വിപണികളിലും കാളിയൻ ചന്ത - കൊല്ലം, കോടൻതുരുത്ത്- ആലപ്പുഴ, കുറുപ്പൻതറ — കോട്ടയം, തൊടുപുഴ -ഇടുക്കി, പാവറട്ടി -തൃശ്ശൂർ എന്നീ അഞ്ച് ജില്ലാ സംഭരണ വിപണന കേന്ദ്രങ്ങളിലും ഇടനിലക്കാരുടെ ചൂഷണമില്ലാതെ കർഷകർക്ക് നേരിട്ട് ഉത്പന്നങ്ങൾ കൊണ്ടുവന്ന് വിറ്റഴിക്കാനുള്ള സംവിധാനങ്ങളുണ്ട്. കർഷകർക്ക് നേരിട്ട് തങ്ങളുടെ ഉത്പന്നങ്ങൾ കൊണ്ടുവരുന്നതിന് ട്രാൻസ്പോർട്ട് സബ്സിഡി നൽകുകയും നേരിട്ട് ലേലം ചെയ്ത് മികച്ച വില നേടിയെടുക്കാൻ സാധിക്കുകയും ചെയ്യുന്നു. കൂടാതെ പച്ചക്കറി വികസന പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട 10 പച്ചക്കറി ക്ലസ്റ്ററുകൾ ചേർന്ന് ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് സമിതികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ക്ലസ്റ്ററുകൾ മുഖേന കർഷകരിൽ നിന്നും പച്ചക്കറികൾ സംഭരിച്ച് വിപണിയിൽ എത്തിക്കുകയും കർഷകർക്ക് അപ്പോൾ തന്നെ വില നൽകുകയും ചെയ്യുന്നു. ഉത്പന്നങ്ങൾ ലേല സ്ഥലത്തേക്ക് കൊണ്ടുപോകുന്നതിന് ട്രാൻസ്പോർട്ട് സബ്സിഡിയും, സമിതികൾക്ക് റിവോൾവിംഗ് ഫണ്ടും നൽകുന്നു. |
| (ബി) പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ലക്ഷ്യമിട്ടിട്ടുള്ള നേട്ടങ്ങളുടെ വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) കർഷകരുടെ ഉത്പന്നങ്ങൾക്ക് വിപണന സാധ്യതകൾ വർദ്ധിപ്പിക്കുവാനും ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും കർഷകരെ ഒഴിവാക്കി മെച്ചപ്പെട്ട വില |

നേടിയെടുക്കാനും പ്രസ്തുത പദ്ധതി ലക്ഷ്യമിടുന്നു. സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന പച്ചക്കറികളും മറ്റ് കാർഷികോത്പന്നങ്ങളും അതാത് സമയങ്ങളിൽ തന്നെ വിപണനം ചെയ്യുവാനും മികച്ച വില നേടിയെടുക്കാനും സാധിക്കുന്നു. കർഷകർക്ക് തങ്ങളുടെ ഉത്പന്നങ്ങൾക്ക് ന്യായ വില ഉറപ്പാക്കുന്നതോടൊപ്പം കൂടുതൽ കൃഷി ചെയ്യാൻ പ്രോത്സാഹനം നൽകുന്നതിനും, അതുവഴി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും വിപണന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും സാധിക്കുന്നു.

(സി) ഇതിനായി ഭരണതലത്തിൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദീകരിക്കുമോ ?

(സി) കാർഷിക മൊത്ത വ്യാപാര വിപണികളുടെ ശാക്തീകരണത്തിനായി മാർക്കറ്റ് വികസന പദ്ധതി പ്രകാരം ട്രാൻസ്പോർട്ട് സബ്സിഡി, ലേലം നടത്തുന്നതിനുള്ള സഹായം, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സാമ്പത്തിക സഹായം എന്നിവ അനുവദിച്ച് നടപ്പിലാക്കി വരുന്നു. ജില്ലാ സംഭരണ വിപണന കേന്ദ്രങ്ങളുടെ പ്രവർത്തനത്തിനും കർഷകർക്ക് ട്രാൻസ്പോർട്ട് സബ്സിഡിയും പ്രവർത്തനച്ചെലവും അനുവദിക്കുന്നുണ്ട്.

പച്ചക്കറി വികസന പദ്ധതി പ്രകാരം ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് സമിതികൾ രൂപീകരിക്കുന്നതിനും വിപണനം നടത്തുന്നതിനുമായി റിവോൾവിംഗ് ഫണ്ടും കർഷകരുടെ ഉത്പന്നങ്ങൾ ലേല കേന്ദ്രങ്ങളിൽ എത്തിക്കുന്നതിന് ട്രാൻസ്പോർട്ട് സബ്സിഡിയും നൽകിവരുന്നു. കാര്യക്ഷമമായി പ്രവർത്തിക്കുന്ന സമിതികൾക്ക് പ്രവർത്തന സഹായവും നൽകിവരുന്നു.

**സെക്ഷൻ ഓഫീസർ**